പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1732

**04.12.2015 ൽ മറുപടിയ്ക്ക്**

## അംഗത്വ ഫീസും വരിസംഖ്യയും നൽകുന്നത് സംബന്ധിച്ച്

**ചോദ്യം**

**ശ്രീ. ബാബു. എം. പാലിശ്ശേരി**

**ഉത്തരം**

**ഡോ. എം.കെ. മുനീർ**
**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)**

എ) കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾ ഇനിമുതൽ അംഗത്വ ഫീസും വരിസംഖ്യയും ഇൻഫർമേഷൻ കേരള മിഷന് (ഐ.കെ.എം) നൽകണം എന്ന ഉത്തരവ് സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

ബി) എന്നു മുതലാണ് ഉത്തരവ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

സി) തദ്ദേശസ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും അംഗത്വ ഫീസ് കുറവ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

ഡി) വാർഷിക വരിസംഖ്യ സംബന്ധിച്ച് വിശദമാക്കുമോ?

(എ), (ബി) (സി) ആന്റ് (ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇൻഫർമേഷൻ കേരള മിഷന് നൽകേണ്ട പ്രതിവർഷ മെമ്പർഷിപ്പ് ഫീസ് ഗ്രാമപഞ്ചായത്ത് - 3 ലക്ഷം രൂപ, ബ്ലോക്ക് പഞ്ചായത്ത് - 5 ലക്ഷം രൂപ, ജില്ലാ പഞ്ചായത്ത് - 15 ലക്ഷം രൂപ, മുനിസിപ്പാലിറ്റി - 10 ലക്ഷം രൂപ, കോർപ്പറേഷൻ - 20 ലക്ഷം രൂപ എന്ന നിരക്കിൽ 2014-15, 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലും, വാർഷിക വരിസംഖ്യ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയും ഓരോ ജനത്തിനും 1 രൂപ (ഒരു രൂപ) എന്ന ക്രമത്തിൽ 2017-18 സാമ്പത്തിക വർഷം മുതലും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും കുറവ് ചെയ്ത് ഇൻഫർമേഷൻ കേരള മിഷന് നൽകുന്നതിന് 27.06.2015 ലെ സ.ഉ.(സാധാ) നം. 1952/2015/തസ്വഭവ പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ